(ജി) ഇല്ല.

(എച്ച്) പണി എത്രയും വേഗം തീർക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൈതയ്ക്കനാൽ-കല്ലറ റോഡിൽ മീനച്ചലാറിന്റെ ഭാഗത്ത് പാലം നിർമ്മിക്കണമെന്ന ആവശ്യം

150 (3027) ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏറ്റുമാനൂർ നിയോജകമണ്ഡലത്തിലെ കൈതയ്ക്കനാൽ-കല്ലറ റോഡിൽ മീനച്ചലാറിന്റെ കൈവഴിക്ക് മുകളിലൂടെ കുട്ടോംപുറം ഭാഗത്ത് പാലം നിർമ്മിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പാലത്തിന്റെ ഡിസൈൻ അംഗീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) ഈ പാലം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത ഭരണാനുമതിയുടെ തുക എത്ര എന്ന് അറിയിക്കാമോ ;

(ഡി) ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ ;

(ഇ) ഈ പാലം നിർമ്മിക്കുന്നതിനുള്ള പുതുക്കിയ ഭരണാനുമതിക്ക് വേണ്ട നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ടോ ;

(എഫ്) എങ്കിൽ പുതുക്കിയ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ ;

(ജി) കുട്ടോംപുറം പാലത്തിന്റെ നിർമ്മാണത്തിന് സാങ്കേതിക അനുമതിയും പ്രത്യേക അനുമതിയും നൽകിയിട്ടുണ്ടോ ;

(എച്ച്). എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ ;

(ഐ) ഈ പാലം നിർമ്മാണത്തിന് 1999-2000 വർഷത്തെ ബഡ്ജറ്റിൽ എത്ര തുക ഉൾപ്പെടുത്തിയിട്ടുണ്ട് ;

(ജെ) കുട്ടോംപുറം പാലത്തിന്റെ നിർമ്മാണത്തിന് നബാർഡ് ആർ. ഐ. ഡി. എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ;

(കെ) എങ്കിൽ നബാർഡിൽ നിന്നും എത്ര തുകയാണ് ആവശ്യപ്പെട്ടിരുന്നത് ;

(എൽ) ഈ പാലം നിർമ്മാണത്തിന് നബാർഡിന്റെ ആർ. ഐ. ഡി. എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചുകിട്ടിയിട്ടുണ്ടോ ;

(എം) ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ;

(എൻ) ഈ പാലം നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയും എന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) അംഗീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പാലത്തിന് 22 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) അനുബന്ധമായി വച്ചിട്ടുണ്ട്.*

(ഇ) പ്രസ്തുത പാലത്തിന് പുതുക്കിയ ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(എഫ്) ബാധകമല്ല.

(ജി) സാങ്കേതികാനുമതി നൽകുന്നതിന് എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

(എച്ച്) ബാധകമല്ല.

(ഐ) 3 ലക്ഷം രൂപ

(ജെ) പ്രസ്തുത പാലം പണി നബാർഡിന്റെ സ്കീമിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്.

(കെ) 165 ലക്ഷം രൂപ

(എൽ) കിട്ടിയിട്ടില്ല.

(എം) ബാധകമല്ല.

(എൻ) പുതുക്കിയ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

കൂർഗ് റോഡിലെ ഇരിട്ടി പാലത്തിന്റെ ശോച്യാവസ്ഥ

151 (3028) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്റർ സ്റ്റേറ്റ് ഹൈവേ ആയ തലശ്ശേരി കൂർഗ് റോഡിലെ ഇരിട്ടി പാലത്തിന്റെ ശോച്യാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പാലം എന്നാണ് നിർമ്മിച്ചതെന്നും ഇതിന്റെ കാലാവധി എത്ര വർഷമായിരുന്നുവെന്നും വെളിപ്പെടുത്തുമോ ;

(സി) ഇരിട്ടി പാലം ശക്തിപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ഡി) ഇരിട്ടി പാലം പുനരുദ്ധരിക്കുന്ന പ്രവർത്തി സംബന്ധിച്ച് കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി കമ്മീഷൻ സമർപ്പിപ്പിരുന്നുവോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly